**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 130** **27-06-2022 - ൽ മറുപടിയ്ക്ക്**

**പരവൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | പരവൂർ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഉത്തരവ് (സാ.ധാ) നം.3480/2019/ആഭ്യന്തരം,തീയതി: 30.11.2019 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് അംഗീകരിച്ച അന്തിമ ആർക്കിടെക്ച്ചറൽ രൂപരേഖ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നു. ടി ഡ്രോയിംഗ് പ്രകാരം പൈൽ ക്യാപ്പും വസ്തുവിന്റെ അതിർത്തിയും തമ്മിൽ 30 സെ.മീ. മാത്രമേ അകലമുള്ളു എന്നതിനാൽ ടി ഡ്രോയിംഗ് പ്രകാരം നിർമ്മാണം നടത്തുന്നത് പ്രയാസമാണ് എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. കെട്ടിടം നിർമ്മിയ്ക്കുന്നതിന് മറ്റ് വസ്തു ലഭ്യമല്ലാത്തതിനാൽ കെട്ടിടത്തിന്റെ വീതികുറച്ച് പുറക് വശത്തുള്ള സ്ഥലവും കൂടി ഉൾപ്പെടുത്തി ആർക്കിടെക്ച്ചറൽ ഡ്രോയിംഗിൽ മാറ്റം വരുത്തി പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് വകുപ്പ് മേധാവി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിരിയ്ക്കുകയാണ്. |

സെക്ഷൻ ഓഫീസർ